## പതിമൂന്നാം കേരളനിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ.2955

15.2.2013-ലെ മറുപടിക്ക്

### ഉയർന്ന തസ്തികകളിലെ നിയമനങ്ങളിൽ അധ്യാപകർക്ക് സംവരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പി.സി. ജോർജ്ജ്<br>ഡോ.എൻ. ജയരാജ്<br>ശ്രീ.എം.വി. ശ്രേയാംസ് കുമാർ<br>ശ്രീ റോഷി അഗസ്റ്റിൻ | ശ്രീ.പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

(എ) സംസ്ഥാനത്ത് ഉയർന്ന തലത്തിലുള്ള അദ്ധ്യാപക തസ്തികകളിൽ നിയമനം ലഭിക്കുന്നതിന്, താഴ്ന്ന തസ്തികകളിൽജോലി ചെയ്യുന്നവരും എന്നാൽ ഉയർന്ന തസ്തികകളിലേക്ക് നിയമനം ലഭിക്കുന്നതിനുയോഗ്യരുമായ അദ്ധ്യാപകർക്ക് പ്രത്യേക സംവരണം ഏർപ്പെടുത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ;

(എ) സംസ്ഥാനത്ത് പ്രൈമറി വിഭാഗം അദ്ധ്യാപകർക്ക് പ്രൊമോഷൻ മുഖേന എച്ച.എസ്.എ തസ്തികയിലേയ്ക്ക് ഒഴിവുകൾ സംവരണം ചെയ്തിട്ടുണ്ട്.

വിശദാംശം ചുവടെ ചേർക്കുന്നു

| | |
| --- | --- |
| സയൻസ് | -10% |
| സോഷ്യൽസ്റ്റഡീസ് | - 20% |
| ലാംഗ്വേജ് | - 30% |
| ഇംഗ്ലീഷ് | - 20% |
| ജൂനിയർലാംഗ്വേജ്ടിച്ചേഴ്സ് | - 30% |

എച്ച.എസ്.എ മാർക്ക് എച്ച്.എസ്.എസ്.ടി തസ്തികയിലേയ്ക്ക് 25% സംവരണം ഉണ്ട്.

(ബി) ഇപ്രകാരം യോഗ്യരായവർക്ക് ഹയർ സെക്കണ്ടറി തലത്തിലേക്ക് സ്ഥാനക്കയറ്റം ലഭിക്കുന്നതിന് എൽ.പി.എസ്.എ, യു.പി. എസ് എ, എച്ച്.എസ്.എ അദ്ധ്യാപകർക്ക് എത്ര ശതമാനം സംവരണമാണ് ഏർപ്പെടുത്തിയിട്ടുള്ളത് ;

(ബി) യോഗ്യരായ എച്ച.എസ്.എമാർക്ക് എച്ച്.എസ്.എസ്.ടി തസ്തികയിലേയ്ക്ക് 25% സംവരണം ഏർപ്പെടുത്തിയിട്ടുണ്ട്. എൽ.പി.എസ്.എ., യു.പി.എസ്.എ.മാർക്ക് പ്രത്യേകമായി സംവരണം ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ യോഗ്യരായ എച്ച.എസ്.എമാരുടെ അഭാവത്തിൽ യോഗ്യതയുള്ള എൽ.പി.എസ്.എ/യു.പി.എസ്.എ മാരെ പരിഗണിക്കുന്നതിന് കെ.ഇ.ആറിൽ വ്യവസ്ഥയുണ്ട്.

(സി) താഴ്ന്ന തലത്തിൽ പഠിപ്പിക്കുന്ന യോഗ്യരായ അദ്ധ്യാപകർക്ക് ബി. എഡ് കോളേജുകളിൽ നിയമനം ലഭിക്കുന്നതിനുള്ള സ്ഥാനക്കയറ്റത്തിനായി പ്രത്യേക സംവരണം ഉണ്ടോ; വ്യക്തമാക്കുമോ ;

(ഡി) ഇതുപോലെ, കോളേജുകളിലേക്കുള്ള അധ്യാപകനിയമനത്തിന് ഹയർ സെക്കന്ററി തലത്തിലുള്ള അദ്ധ്യാപകർക്ക് നിലവിൽ സംവരണമുണ്ടോ; ഇല്ലെങ്കിൽ, ഹയർ സെക്കണ്ടറി അദ്ധ്യാപകർ ഉൾപ്പെടെയുള്ള സ്കൂൾ അദ്ധ്യാപകർക്ക് നിശ്ചിത ശതമാനം സീറ്റ് സംവരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ?

(സി) യും (ഡി) യും

വിവരം ശേഖരിച്ചുവരുന്നു

സെക്ഷൻ ഓഫീസർ